# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## ആ അമ്മയുടെ പ്രാർത്ഥന വിഫലമായില്ല



ആ അമ്മയ്ക്ക് മറ്റൊന്നും പ്രാർത്ഥിക്കാനുണ്ടായിരുന്നില്ല മകന് മാനസാന്തരം ഉണ്ടാവണമേയെ ന്നല്ലാതെ. കാരണം വഴിപിഴച്ച ജീവിതവും പാഷണ്ഡതകളും കൊണ്ട് അലങ്കരിക്കപ്പെട്ട ജീവിതമായിരുന്ന ആ മകന്റേത്. സ്ത്രീ സ്പർശമനുഭവിക്കാതെയുള്ള ജീവിതത്തെക്കുറിച്ച് ചിന്തിക്കാൻ കഴിയാത്തവിധം ആത്മസംയമനം ഇല്ലാതെപോകുന്ന തന്റെ മാനസികാവസ്ഥയെക്കുറിച്ച് അയാൾ പില്ക്കാലത്ത് എഴുതിയിട്ടുമുണ്ട്.

സംശയിക്കേണ്ട വിശുദ്ധ അഗസ്റ്റ്യനെയും അമ്മ വിശുദ്ധ മോനിക്കയെയും കുറിച്ചാണ് പറഞ്ഞുവരുന്നത്. കത്തോലിക്കാ മതവിശ്വാസിയായിരുന്ന മോനിക്ക. ഭർത്താവ് പട്രീഷ്യസാകട്ടെ അക്രൈസ്തവനും നമ്മുടെ ഇക്കാലത്തെ ഇന്റർകാസ്റ്റ് റിലിജിയൻ വിവാഹങ്ങൾ പോലെ. സ്വഭാവികമായും അതിന്റെ ദൂഷ്യഫലങ്ങളും അവർക്കുണ്ടായ മകന് അനുഭവിക്കേണ്ടി വന്നു.

മകൻ അച്ഛന്റെ പാതയിലാണ് ചരിച്ചത്. അമ്മയുടെ ഹൃദയവേദന കൂടി കണ്ണീരുകൾ വർദ്ധിച്ചു. മകനെ എങ്ങനെയും തിരിച്ചുപിടിക്കണമെന്ന ആഗ്രഹത്തോടെ അവൾ പ്രാർത്ഥനയിൽ കൂടുതലായി ശരണം പ്രാപിച്ചു. വി.അംബ്രോസിന് ആ അമ്മയുടെ നെഞ്ചിലെ തീ മനസ്സിലാവുന്നുണ്ടായിരുന്നു. കൂടുതൽ പ്രാർത്ഥിക്കാനും പ്രാർത്ഥനയിൽ മാത്രം ശരണം പ്രാപിക്കാനും അദ്ദേഹമാണ് മോനിക്കയ്ക്ക് പറഞ്ഞുകൊടുത്തത്. ഒടുവിൽ സംഭവിച്ചത് എന്താണ്..അമ്മയുടെ കണ്ണീരുകൾക്ക് ദൈവം മറുപടി നൽകി. അഗസ്റ്റ്യൻ നല്ല ജീവിതം നയിക്കുന്നതിന് ജീവിച്ചിരിക്കുമ്പോൾ തന്നെ മോനിക്കയ്ക്ക് ഇട വന്നു. ഞാൻ പ്രാർത്ഥിച്ചതിലധികം ദൈവം എനിക്ക് തന്നു എന്ന് മരിക്കുന്നതിന് മുമ്പ് മോനിക്ക മകനോട് പറയുന്നതിന് ദൈവം ഇടവരുത്തി. ഒടുവിൽ അമ്മയും മകനും പുണ്യപഥത്തിന്റെ കൊടുമുടികളിലെത്തി.

കത്തോലിക്കാതിരുസഭ ഇന്ന് രണ്ടുപേരെയും വിശുദ്ധരായി വണങ്ങുന്നു. മടുപ്പുകൂടാതെയും നിരാശ കൂടാതെയും വിശ്വാസത്തോടെയുള്ള പ്രാർത്ഥനകൾക്ക് ദൈവം മറുപടി തരുമെന്ന് തന്നെയാണ് ഈ സംഭവം വിവരിക്കുന്നത്. അതിനാൽ പ്രാർത്ഥനകളെക്കുറിച്ചുള്ള നമ്മുടെ ആത്മാർത്ഥതയും സ്നേഹവും വീണ്ടും പുതുക്കിപ്പണിയാം. നമ്മുടെ പ്രാർത്ഥനകൾക്ക് ദൈവത്തിന്റെ പക്കൽ ഉത്തരമുണ്ട് എന്ന തീർച്ചയോടെ നമുക്ക് പ്രാർത്ഥനകൾ തുടരുകയും ചെയ്യാം.